പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3150.

11.12.2014 ൽ മറുപടിക്ക്

**അരിയുടെ ആളോഹരി ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് പ്രതിവർഷം എത്ര ടൺ അരി ആവശ്യമായി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച് ഒരു വ്യക്തിയുടെ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ഉപഭോഗം 13.8 കിലോഗ്രാം ആണ്. ആയത് പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 55,31,040 മെ.ടൺ ഭക്ഷ്യധാന്യം ആവശ്യമായിവരുന്നു. |
| (ബി) | ഇതിൽ പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 2013-14 ലെ കണക്കനുസരിച്ച് 5,64,325 ടൺ അരി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു. |
| (സി) | റേഷനിംഗിനായി കേന്ദ്രം പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ 13,46,663 ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി. |
| (ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും പ്രതിവർഷം എത്ര ടൺ അരി കേരളത്തിലെത്തുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം 17,84,986.228 മെ.ടൺ അരി കേരളത്തിൽ എത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ